## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 159** **04.11.2019-ൽ മറുപടിക്ക്**

## ട്രോമാ കെയർ സംവിധാനം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി**<br>**ശ്രീമതി. യു. പ്രതിഭ**<br>**ശ്രീ.എം. രാജഗോപാലൻ**<br>**ശ്രീ.പുരുഷൻ കടലുണ്ടി** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ലോകോത്തര നിലവാരത്തിലുള്ള ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി അപെക്സ് ട്രെയിനിംഗ് & സിമുലേഷൻ സെന്റർ രൂപീകരിക്കാൻ ധാരണയായിട്ടുണ്ടോ; പ്രസ്തുത സെന്റർ കൊണ്ടുദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ദക്ഷിണേന്ത്യയിലെ ടെറിഷറി ലെവൽ അപ്പെക്സ് സ്ഥാപനവും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതുമായ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാകെയറും എമർജൻസി സംവിധാനവും സംബന്ധിച്ച അപ്പെക്സ് സിമുലേഷൻ ട്രെയിനിംഗ് സെന്റർ ഫോർ എമർജൻസി ആൻറ് ട്രോമാകെയർ സ്ഥാപിക്കുന്നതിന് കേരള സർക്കാരുമായി റ്റാറ്റാ ട്രെസ്റ്റ് ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. ധാരണാ പത്രത്തിലെ വ്യവസ്ഥകൾ പ്രകാരം അടിസ്ഥാന സൗകര്യങ്ങളും വെള്ളവും, വൈദ്യുതിയും, ട്രയിനിംഗിനുമുള്ള ആരോഗ്യ പ്രവർത്തകരേയും കേരള സർക്കാരാണ് നൽകുന്നത്. അപെക്സ് സിമുലേഷൻ സെന്റർ പ്രവർത്തിപ്പിക്കുന്നതിനായി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറും ഒന്നാം നിലയും വിട്ടു നൽകുന്നതിന് 12/10/2019 ലെ ജി.ഒ.(ആർ.ടി.) നം.2427/2019/ ആ.ക.വ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാർ നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾ വിനിയോഗിച്ച കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി 12 കോടി രൂപ ചെലവിൽ റ്റാറ്റാ ട്രെസ്റ്റാണ് അപ്പെക്സ് സിമുലേഷൻ ട്രെയിനിംഗ് സെന്റർ ഫോർ എമർജൻസി ആൻറ് ട്രോമാകെയർ സ്ഥാപിക്കുന്നത്. ഈ സ്ഥാപനത്തിൽ ഡോക്ടർമാരും നേഴ്സുമാരും നേഴ്സിംഗ് അസിസ്റ്റൻമാരും മെഡിക്കൽ വിദ്യാർത്ഥികളും എമർജൻസി മെഡിക്കൽ വിദ്യാർത്ഥികളും എമർജൻസി മെഡിക്കൽ ടെക്നീഷ്യൻമാരും ട്രെയിനികളുടെ ട്രെയിനർമാരും ഉൾപ്പെടെ 9000 ആരോഗ്യ പ്രവർത്തകർക്ക് 2 വർഷം കൊണ്ട് ട്രോമാകെയർ, എമർജൻസി എന്നീ മേഖലകളിൽ വിദഗ്ധ പരിശീലനം |

| | | | |
|---|---|---|---|
| | | | നല്കുന്നതാണ്. 2 വർഷത്തെ ട്രെയിനിംഗ് പൂർത്തിയാക്കുമ്പോൾ തുടർ പരിശീലനങ്ങൾക്കായി ടി സ്ഥാപനം സർക്കാരിന് കൈമാറുന്നതാണ്. നിശ്ചിത ട്രെയിനിംഗ് മൊഡ്യൂൾ പ്രകാരം ട്രോമയിലാവുന്ന രോഗികളെ പരിചരിക്കുന്നതിനും അവരെ ഒരു സ്ഥലത്തു നിന്നും മറ്റൊരിടത്തേക്ക് മാറ്റുന്നതിനും എമർജൻസി സേവനം തുടങ്ങിയവ ഏറ്റവും ആധുനികമായ രീതിയിൽ നൽകുന്നതിനുമുള്ള പരിശീലനവും വിഭാവനം ചെയ്തിരിക്കുന്നു. പരിശീലനം ലഭിച്ചവരുടെ നിലവാരം കാത്തുസൂക്ഷിക്കുന്നതിനും പുതിയ രീതികൾ പരിശീലിക്കുന്നതിനും തുടർ പരിശീലനം നൽകുന്നതിനുമുള്ള സൗകര്യവും ലഭ്യമാക്കും. |
| (ബി) | വിവിധ മെഡിക്കൽ കോളേജുകളിൽ എമർജൻസി മെഡിസിൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എമർജൻസി വിഭാഗത്തിൽ 41 ഡോക്ടർമാരുടെ തസ്തികകളും 65 പാരാമെഡിക്കൽ തസ്തികകളും സൃഷ്ടിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇതിനാവശ്യമായ ആത്യാധുനിക ഉപകരണങ്ങളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. കോട്ടയം മെഡിക്കൽ കോളേജിലും 17 തസ്തികകൾ എമർജൻസി വിഭാഗത്തിനായി സൃഷ്ടിച്ച് പ്രവർത്തനം പുനഃസംഘടിപ്പിച്ചു വരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഈ വിഭാഗത്തിൽ പി.ജി. കോഴ്സും നടത്തി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**